പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1384 — 30.09.2011- ൽ മറുപടിയ്ക്ക്

## രാസവളങ്ങളുടെ ക്ഷാമവും വില വർദ്ധനയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. കോലിയക്കോട് എൻ.-<br>കൃഷ്ണൻ നായർ :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാസവളങ്ങളുടെ ക്ഷാമവും വിലവർദ്ധനയും സംസ്ഥാനത്തെ കൃഷിക്കാരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ രാസവളങ്ങളുടെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ; ജില്ലകളിൽ നിന്നുള്ള ആവശ്യാനുസരണം വളങ്ങൾ ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; | ബി) ഉണ്ട്. എല്ലാ ആഴ്ച്ചയിലും വീഡിയോ കോൺഫറൻസിംഗ് വഴി കൃഷി ഡയറക്ടറേറ്റ് ജില്ലകളുമായി അവലോകനം നടത്താറുണ്ട്. ഇറക്കുമതിയില്ലാത്തതിനാൽ പൊട്ടാഷ് ആവശ്യാനുസരണം ജില്ലകളിൽ നൽകാൻ കഴിഞ്ഞിട്ടില്ല. |
| സി) ഏലം, തേയില, കുരുമുളക് തുടങ്ങിയ കൃഷികൾക്ക് വളം ചെയ്യേണ്ടിയിരുന്ന സമയത്ത് വളം ലഭ്യമായിരുന്നില്ലെന്നറിയാമോ ; | സി) ഏലം, തേയില, കുരുമുളക് തുടങ്ങിയ കൃഷികൾക്ക് വളം ചെയ്യേണ്ടിയിരുന്ന സമയത്ത് പൊട്ടാഷ് വളം ലഭ്യമായിരുന്നില്ല. |

ഡി) കഴിഞ്ഞ ഒരു വർഷത്തിനകം കേരളത്തിലെ കാർഷിക മേഖലയ്ക്ക് ഒഴിച്ചു കൂടാനാവാത്ത രാസവളങ്ങൾ ഓരോന്നിനും എത്ര രൂപ വീതം വർദ്ധനവുണ്ടായെന്ന് വിശദമാക്കാമോ ?

ഡി) 1.4.2010 മുതൽ കേന്ദ്ര സർക്കാർ ന്യൂട്രിയന്റ് ബേസ്ഡ് ആയി രാസവളത്തിന്റെ വിലയിൽ സബ്സിഡികൾ കമ്പനികൾക്ക് നൽകുന്നതിൽ മാറ്റം വരുത്തി 1.4.2010 ന് മുൻപ് ഉള്ള വിലയും 1.4.2010 ന് ശേഷമുള്ള വിലയും താഴെ കൊടുക്കുന്നു.

| വളത്തിന്റെ പേര് | 1.4.2010 ന് മുൻപ് 18.6.2008 ലെ വില (ഒരു മെട്രിക് ടണ്ണിന്) | 1.4.2010 ന് ശേഷമുള്ള ഇപ്പോഴത്തെ വില (ഒരു മെട്രിക് ടണ്ണിന്) | വർദ്ധനവ് |
|---|---|---|---|
| യൂറിയ | 4830 | 5316 | 486 |
| ഡൈ അമോണിയം-ഫോസ്ഫേറ്റ് | 9350 | 12200 | 2850 |
| മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 4455 | 11760 | 7305 |
| 20 ; 20 ; 0 ; 13 (കോംപ്ലക്സ് വളം) | 6295 | 11012 | 4717 |
| 10 ; 26 ; 26 (കോംപ്ലക്സ് വളം) | 7197 | 10837 | 3640 |

സെക്ഷൻ ഓഫീസർ